താമസം കൂടാതെ അയയ്ക്കാറുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ തപാൽ വഴിയുള്ള താമസവും മറ്റും കാരണം കുറച്ചു താമസം വരാൻ സാദ്ധ്യതയുണ്ട്. ഇതിൽ തപാൽ മുഖാന്തിരമുള്ളത് ഒഴിച്ചുള്ള താമസം പരമാവധി ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി. പി. അക്കൗണ്ട് നിക്ഷേപം

27 (1080) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ 1-ന് ടി. പി. അക്കൗണ്ടിൽ എത്ര സംഖ്യ നിക്ഷേപിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2002 ഏപ്രിൽ 1, 2003 ഏപ്രിൽ 1 എന്നീ ദിവസങ്ങളിൽ ടി. പി. അക്കൗണ്ടിലെ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായ നിക്ഷേപം രൂപ 18,79,99,98,747.

(ബി) 2002 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം രൂപ 17,48,85,45,275. 2003 ഏപ്രിൽ ഒന്നിന് ടി. പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപം രൂപ 16,11,73,03,777.

സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം പിൻവലിക്കാൻ അനുവാദം

28 (1081) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുക കാലാവധി കഴിഞ്ഞിട്ടും പിൻവലിക്കാൻ അനുവദിക്കുന്നില്ലെന്ന് ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ നിക്ഷേപം പിൻവലിക്കാൻ അനുവദിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) സംസ്ഥാന സർക്കാരിന്റെ ട്രഷറിയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ഈ നടപടി തിരുത്തുവാനും കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ പിൻവലിക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ & ബി) സഹകരണ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള തുക കാലാവധി കഴിഞ്ഞിട്ടും പിൻവലിക്കാൻ അനുവദിക്കാതിരുന്നിട്ടില്ല. എന്നാൽ സാമ്പത്തികഞെരുക്കം കാരണം തുക പിൻവലിക്കാൻ അനുവാദം നൽകിയതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly